ചന്ദ്രലേഖ. എൽ ബഹുമാനപ്പെട്ട കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ ഫയൽ ചെയ്ത എച്ച്.ആർ.എം.പി. നമ്പർ 8886/2014-ലെ കമ്മീഷന്റെ 27-11-2014-ലെ നടപടി ക്രമത്തിൽ ബഹുമാനപ്പെട്ട് സുപ്രീംകോടതിയുടെയും ഹൈക്കോടതിയുടെയും വിധികൾ അനുസരിച്ച് പി.എസ്. സി.-യുടെ റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ മറ്റു മാർഗ്ഗങ്ങളിലൂടെ നിയമനം നടത്തുവാൻ പാടില്ല, താല്ക്കാലികമായിട്ടാണ് നിയമനം നടത്തുന്നതെങ്കിലും പി.എസ്.സി.-യുടെ റാങ്ക് ലിസ്റ്റിൽനിന്ന് എടുക്കാവുന്നതാണ്. പി.എസ്.സി. റാങ്ക് ലിസ്റ്റ് ഉള്ളപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നെടുക്കരുതെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി വ്യക്തമായി വിധിച്ചിട്ടുള്ളതാണ് എന്ന് നിർദ്ദേശിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്താൻ നടപടി

45 (3676) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് സെക്രട്ടേറിയേറ്റ്, പി.എസ്.സി. എന്നിവിടങ്ങളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ടോ ;

(ബി) നിലവിൽ ഏത് രീതിയിലാണ് നിയമനം നടക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) സബോർഡിനേറ്റ് സർവ്വീസിൽ നിയമിക്കുന്നതുമൂലം ഹെഡ്ക്വാർട്ടേഴ്സ് ഒഴിവിലേക്ക് മറ്റ് ജില്ലകളിൽനിന്നും ഉള്ളവർക്കുള്ള അവസരം നിഷേധിക്കപ്പെടും എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇക്കാര്യംകൂടി പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ താഴ്ന്ന വരുമാനക്കാരായ ജീവനക്കാരെ കേരളാ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

164/2018

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിൽ ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കുള്ള റാങ്ക് ലിസ്റ്റിൽനിന്നും ഹെഡ്ക്വാർട്ടേഴ്സ് ഒഴിവുകളിലേക്ക് പി.എസ്.സി. അഡ്വൈസ് ചെയ്യുന്ന ഉദ്യോഗാർത്ഥികളെയാണ് സെക്രട്ടേറിയറ്റിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരായി നിയമിക്കുന്നത്.

(സി&ഡി) ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിയാലും പി.എസ്.സി. സംസ്ഥാനതലത്തിൽ അപേക്ഷ ക്ഷണിച്ച്, പരീക്ഷ നടത്തി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നായിരിക്കും നിയമനം നടത്തുക എന്നതിനാൽ ഒരു ജില്ലയിലെ ഉദ്യോഗാർത്ഥികൾക്കും അവസരം നിഷേധിക്കപ്പെടുന്ന അവസ്ഥ ഉണ്ടാവുകയില്ല.

ഇ-ഫയലിംഗ്

46 (3677) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിൽ നടപ്പിലാക്കിയ ഇ-ഫയലിംഗ് സിസ്റ്റത്തിൽ തപാൽ നമ്പർ എടുക്കുവാൻ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇ-ഫയലിംഗിനെ സംബന്ധിച്ച് ജീവനക്കാർ എന്തെങ്കിലും പോരായ്മകൾ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഐഡിയാസ് സംവിധാനം കാര്യക്ഷമമാക്കി ഇ-ഫയലിംഗ് പിൻവലിക്കുന്നത് പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഇ-ഓഫീസ് സംവിധാനം സെക്രട്ടേറിയറ്റിൽ മുഴുവനായി നടപ്പിലാക്കുന്നതുവരെ ഫയലുകളുടെ നടപടിക്രമങ്ങൾ ട്രാക്ക് ചെയ്യുവാൻ ഐഡിയാസ് ഇ-ഓഫീസിനു പുറമേ ഉപയോഗിക്കേണ്ടതുണ്ട്. അതിനാൽ ഫയലിന്റെ വിവരങ്ങൾ ഇ-ഓഫീസിൽ രേഖപ്പെടുത്തുകയും കൂടാതെ തപാൽ നമ്പർ ഐഡിയാസിൽ നിന്നും എടുക്കേണ്ടതുമാണ്. പൊതു ജനങ്ങൾക്കും ഫയലുകൾ ട്രാക്ക് ചെയ്യുവാൻ കഴിയുന്ന വിധത്തിൽ ഒരു സിറ്റിസൺ ഇന്റർഫേസ് സോഫ്റ്റ്വെയർ ഇപ്പോൾ നിർമ്മാണത്തിലാണ്. ഈ പുതിയ സംവിധാനം ഉൾപ്പെടുത്തുകയും ഇ-ഓഫീസ് സെക്രട്ടേറിയറ്റിൽ പൂർണ്ണമായും നടപ്പിലാക്കുന്നത് വരെയും ഉദ്യോഗസ്ഥർ ഐഡിയാസിലും ഇ-ഓഫീസിലും ഡാറ്റ രേഖപ്പെടുത്തേണ്ടതാണ്. ഇത് കാരണമാണ് തപാൽ നമ്പർ എടുക്കുവാൻ ചെറിയ കാലതാമസം ഉണ്ടാകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly